(എ) കെ. എസ്. ആർ. ടി. സി - യിലെ ജീവനക്കാരിൽ നിന്നും ബാങ്ക്/ സഹകരണ സംഘം കുടിശ്ശികയിനത്തിൽ ശമ്പളത്തിൽ നിന്നും ഈടാക്കുന്ന തുക പ്രസ്തുത ബാങ്ക്/ചിട്ടി സ്ഥാപനങ്ങൾ, സഹകരണസംഘം എന്നിവയിൽ മാസങ്ങൾക്കുശേഷം മാത്രമേ അടയ്ക്കാറുള്ളൂ എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധമായി അന്വേഷണം നടത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ ;

(സി) ശമ്പളത്തിൽ നിന്നും മാസംതോറും റിക്കവറി നടത്തുകയും ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ യഥാസമയം അടയ്ക്കാതിരിക്കുകയും ചെയ്യുന്നതുമൂലം പ്രസ്തുത ജീവനക്കാർക്ക് പലിശയിനത്തിൽ വലിയ തുക വീണ്ടും കുടിശ്ശിക യാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത്തരത്തിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) കോർപ്പറേഷന്റെ കടുത്ത സാമ്പത്തിക ഞെരുക്കം മാത്രമാണ് ഇത്തരം കാലതാമസം ഉണ്ടാകുന്നതിന് കാരണം. ആകയാൽ മേലിൽ ജീവനക്കാരിൽ നിന്ന് പിടിക്കുന്ന തുക യഥാസമയം ബാങ്ക്/ചിട്ടി സ്ഥാപനങ്ങൾ ഇവയിൽ അടയ്ക്കണമെന്ന് കെ. എസ്. ആർ. ടി. സി. ക്ക് കർശന നിർദ്ദേശം നൽകുന്നതാണ്. ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുള്ള വീഴ്ചകൾ കാരണം കാലതാമസം ഉണ്ടായാൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ ഉചിതമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

ഏറ്റുമാനൂർ കെ. എസ്. ആർ. ടി. സി ബസ്സ്റ്റാൻഡ് ഉപയോഗയോഗ്യമാക്കണമെന്ന ആവശ്യം

59 (3591) ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏറ്റുമാനൂർ കെ. എസ്. ആർ. ടി. സി. ബസ്സ്റ്റാൻഡ് ടാർ ചെയ്ത ഭാഗം പൂർണമായും തകർന്നു കിടക്കുകയാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ബസ്സ്റ്റാൻഡിന്റെ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ഡി) ഈ ബസ്സ്റ്റാൻഡ് കോൺക്രീറ്റ് ചെയ്ത് നിർമ്മിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) അടുത്ത മഴക്കാലം ആരംഭിക്കുന്നതിന് മുമ്പായി ഈ ബസ്സ്റ്റാൻഡ് കോൺക്രീറ്റ് ചെയ്തു നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വീകരിച്ചിട്ടുണ്ട്.

(സി) ബസ്സ്റ്റാൻഡ് വീണ്ടും ടാർ ചെയ്യുന്നതിനും ജലനിർഗ്ഗമനത്തിനാവശ്യമായ ഓടകെട്ടുന്നതിനുമുള്ള ജോലികൾക്ക് 2,61,500 രൂപയുടെ എസ്റ്റിമേറ്റിൽ കരാർ കൊടുത്തിട്ടുണ്ട്. ഓടകെട്ടുന്ന ജോലി, തൊട്ടടുത്ത സ്ഥലമുടമയുടെ തർക്കം കാരണം തുടങ്ങാൻ കഴിഞ്ഞിട്ടില്ല. ടാർ ചെയ്യുന്നതിലേയ്ക്ക് മെറ്റലും മറ്റും ലാൻഡിൽ ശേഖരിച്ചിട്ടുണ്ട്. ടാർ കിട്ടിയാലുടൻ പ്രസ്തുത ജോലി തുടങ്ങാൻ കഴിയും.

(ഡി) അങ്ങനെയൊരു നിവേദനം ലഭിച്ചതായി അറിയില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) ടാർ ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയായി വരുന്ന സ്ഥിതിക്ക് കോൺക്രീറ്റു ചെയ്യാനുള്ള തീരുമാനമെടുത്താൽ കാലതാമസം ഉണ്ടാകും. മാത്രമല്ല കോർപ്പറേഷന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ചു മാത്രമേ ഇത്തരത്തിലൊരു തീരുമാനമെടുത്ത് നടപടികൾ സ്വീകരിക്കുവാൻ കഴിയൂ.

കെ. എസ്. ആർ. ടി. സി. ബസുകളിലെ സീറ്റ് റിസർവേഷൻ കൂപ്പൺ

60 (3592) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. ബസുകളിൽ മാത്രം ആരംഭിക്കുന്ന സ്ഥലത്തു നിന്നും സീറ്റ് റിസർവേഷൻ കൂപ്പൺ എടുത്തു കയറുന്നവർക്കുള്ള സീറ്റ് യാത്രാമദ്ധ്യേ സ്ത്രീകൾക്കു വേണ്ടി വിട്ടുകൊടുക്കണമെന്ന് ആവശ്യപ്പെടാമോ ;

(ബി) കൂപ്പൺ എടുത്തു സീറ്റ് ഉറപ്പു വരുത്തുന്ന യാത്രക്കാർക്ക് സ്ത്രീകൾക്ക് വേണ്ടി സീറ്റ് ഒഴിഞ്ഞുകൊടുക്കണമെങ്കിൽ അത്തരം സീറ്റുകളിലേയ്ക്ക് കൂപ്പൺമൂലം സീറ്റ് റിസർവ് ചെയ്യാതിരിക്കാൻ നിർദ്ദേശം കൊടുക്കുമോ ;

(സി) റിസർവേഷൻ കിട്ടുന്ന യാത്രക്കാരെ സീറ്റ് ഒഴിഞ്ഞുകൊടുക്കാൻ നിർബന്ധിക്കാതിരിക്കാൻ നിർദ്ദേശിക്കുമോ ?

ഉത്തരം

(എ) റിസർവേഷൻ കൂപ്പൺ മുഖേന സീറ്റു കിട്ടി ടിക്കറ്റെടുത്തു യാത്ര ചെയ്യുന്നവരോട് യാത്രാമദ്ധ്യേ സ്ത്രീകൾക്ക് വേണ്ടി സീറ്റൊഴിഞ്ഞു കൊടുക്കണമെന്ന് അഭ്യർത്ഥിക്കാമെങ്കിലും നിർബന്ധിക്കാൻ വ്യവസ്ഥയില്ല.

LIBRARY ARCHIVES Kerala Legislative Assembly